മായി, പ്രത്യേകിച്ചും ക്രിസ്തുമതവിഭാഗങ്ങളുമായി, നിർമാണാത്മകവും പക്ഷപാതരഹിതവുമായ ചർച്ചകൾ തീവ്രമാക്കുകയെന്നതാണ്. വ്യത്യസ്ത മതവിഭാഗങ്ങളുടെ നിലപാടുകളിലുള്ള പരസ്പരഭേദങ്ങളോടൊപ്പം, ഈ വിഭാഗങ്ങൾക്കു പൊതുവിലുള്ള ഘടകങ്ങളിലും ഊന്നണമെന്ന് ഈ പരിപാടിയിൽ പ്രത്യേകം നിർദേശിച്ചിട്ടുണ്ട്.

ജർമൻ ബൗദ്ധയൂണിയനു് (ഡി. ബി. യു.) ബാദൻവ്യൂർത്തെംബെർഗ്സ്റ്റേററിലെ സാംസ്കാരിക മന്ത്രാലയം 1986 ഒക്ടോബറിൽ അയച്ച ഒരു കത്തിൽനിന്നുള്ള താഴെ ചേർത്ത ഉദ്ധാരണം, ബുദ്ധമതം ജർമനിയിൽ പ്രചരിപ്പിക്കുന്നതിനുള്ള ശ്രമങ്ങളെ സർക്കാർ എങ്ങനെയാണു വീക്ഷിക്കുന്നതെന്നു വ്യക്തമാക്കുന്നുണ്ട്. കത്തിൽ പറയുന്നു:

'ഫെഡറൽ ജർമൻ റിപ്പബ്ളിക്കിലെ മതഭൂദൃശ്യത്തിനു സ്വാഗതാർഹമായ ഒരു സംഭാവനയും ഗണനീയമായ ഒരു പരിശ്രമവും എന്ന നിലയിൽ, നിങ്ങളുടെ മത—സംഘത്തിന്റെ സ്ഥാപനത്തെ അടിസ്ഥാനപരമായി ഞങ്ങൾ വിലമതിക്കുന്നു.'

(27 സെപ്റ്റംബർ, 1987)

# 62. ആയുർവേദം ജർമനിയിൽ

ഇന്ത്യയുടെ തനതായ ചികിത്സാസമ്പ്രദായമാണ് ആയുർവേദം. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ആയുർവേദത്തിന് ഇന്ത്യയിൽ ഉണ്ടായതും, ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ അധഃപതനം നമ്മെ അസ്വസ്ഥരാക്കുന്നില്ലെങ്കിൽ, അതിനു കാരണം നമ്മുടെ അന്ധതയല്ലാതെ മറെറാന്നുമല്ല. സാർവത്രികമായ വനവിധ്വംസനംമൂലം കസ്തൂരി, വെരുകിൻപുഴ മുതലായ മൃഗജന്യങ്ങളായ ഔഷധങ്ങൾ മാത്രമല്ല, കുവളത്തിൻ വേരു്, കുറുന്തോട്ടിവേരു് മുതലായ അതിസാധാരണങ്ങളായിരുന്ന വൃക്ഷ—സസ്യഔഷധങ്ങൾപോലും ദുർലഭ്യങ്ങളായിരിക്കുന്നു. ഇതു് ആയുർവേദ ഔഷധങ്ങളുടെ ഗുണമേന്മയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നു പറയേണ്ടതില്ല.

ഗുണമേന്മ കുറയുംതോറും ആയുർവേദ ഔഷധങ്ങൾക്കു വില ദുർവഹമായി ഏറിവരികയുമാണ്. പണ്ടത്തെമാതിരി, ഒരു ചെലവുംചെയ്യാതെ, വെളിമ്പറമ്പുകളിൽനിന്നു പച്ചമരുന്നുകൾ ശേഖരിച്ചു കഷായംവെച്ചു കുടിച്ചു രോഗശാന്തി നേടാൻ ഇന്നു് ഇന്ത്യയിൽ ആർക്കെങ്കിലും കഴിയുമോ? ദരിദ്രരുടെ കാര്യം പോകട്ടെ, ഇടത്തരക്കാർക്കുപോലും ആയുർവേദ ചികിത്സ അപ്രാപ്യമായിരിക്കുകയല്ലേ? ആയുർവേദ വിദ്യാഭ്യാസത്തിനു നേരിട്ട തകർച്ചയാണെങ്കിൽ അതിദാരുണം എന്നേ പറയാവൂ. നമ്മുടെ ആയുർവേദ കോളേജുകളിൽനിന്നു് ആണ്ടുതോറും ബിരുദം നേടി പുറത്തുവരുന്ന യുവതീയുവാക്കളിൽ എത്ര പേർക്കുണ്ടു് ആയുർവേദ ഗ്രന്ഥങ്ങളിൽ അവഗാഹവും ഔഷധപരിചയവും?

ഈ ചുററുപാടിൽ ജർമനിയിൽ നടന്നുവരുന്ന ആയുർവേദ പരീക്ഷണങ്ങളെപ്പററി മ്യൂണിക്കിലെ 'സ്യൂഡ്—ഡോയ്ററ്ഷേ ത്സൈതുങ്' എന്ന പത്രത്തിൽ 1987മെയ് 21—ാം തീയതി പ്രസിദ്ധീകരിച്ചിരുന്ന ഒരു ലേഖനം 1987 ജൂൺ 7—ലെ 'ജർമൻ ട്രൈബ്യൂൺ' വാരികയിൽ വിവർത്തനംചെയ്തു ചേർത്തിരുന്നതു വായിച്ചപ്പോൾ എനിക്കു വളരെ സന്തോഷം തോന്നി.

അലോപ്പതി ചികിത്സകൊണ്ടു രക്ഷയില്ലെന്നു കാണുമ്പോൾ യൂറോ

പ്പിലെ പല രോഗികളും മററു ചികിത്സാസമ്പ്രദായങ്ങരം തേടിപ്പോകുന്നതായി ഈ ലേഖനത്തിൽ പറയുന്നു. അലോപ്പതി ശാസ്ത്രജ്ഞർ ഈ ചികിത്സാവികല്പങ്ങളെ കൈയോടെ തള്ളിക്കളയുകയാണ പതിവ്. ഇതിനർത്ഥം ചികിത്സാവികല്പങ്ങരം മൂഢധാരണകളാണ് എന്നല്ല. യൂറോപ്പിൽ അലോപ്പതി കഴിഞ്ഞാൽ പ്രചാരമുള്ള രണ്ടു ചികിത്സാസമ്പ്രദായങ്ങളാണ് ഹോമിയോപ്പതിയും പ്രകൃതിചികിത്സയും. ഇവയ്ക്കു പുറമെ ആയുർവേദം, യൂനാനി എന്നീ ഭാരതീയ വൈദ്യസമ്പ്രദായങ്ങളും അവിടെ പ്രചാരം നേടിവരുന്നു.

മ്യൂണിക്കിലെ 'ബ്രദേഴ്സ് ഓഫ് മെഴ്സി' എന്ന ആസ്പത്രിയിൽ ഒരു ആയുർവേദ ഔഷധം ഉപയോഗിച്ചു നടത്തിയ വിജകരമായ പരീക്ഷണം ഈയിടെ ജർമനിയിലെ 'ബവേറിയസ്റ്റേററിൽ' ഫെൽഡാഫിങ്, എന്ന സ്ഥലത്തു സമ്മേളിച്ച വൈദ്യവിദഗ്ധർ പുനരവലോകനംചെയ്യുകയുണ്ടായി. പാരമ്പര്യചികിത്സാസമ്പ്രദായങ്ങളിലെ ഔഷധങ്ങരം ആധുനികരീതിയിൽ പരീക്ഷണവിധേയങ്ങളാക്കുന്നതിൽ താല്പര്യമുള്ള 'ഇൻടർമെഡ്' എന്ന സംഘടനയാണ് ഈ സമ്മേളനം സംഘടിപ്പിച്ചതു്. ഫ്രൈബുർഗ്നഗരമാണ് ഇൻടർമെഡിൻെറ ആസ്ഥാനം.

ഇന്നു് ലോകത്തിൽ നിലവിലുള്ള ക്രമബദ്ധങ്ങളായ ചികിത്സാസമ്പ്രദായങ്ങളിൽ ഏററവും പഴയതു് ആയുർവേദമാണെന്നു് ഈ ലേഖനത്തിൽ പറയുന്നു. ആയുർവേദത്തിലെ ചികിത്സാരീതികളിൽ ഇൻടർമെഡിനു പ്രത്യേകം താല്പര്യമുണ്ടു്.

ക്രിസ്തു പിറക്കുന്നതിനു് 1500 മുതൽ 1000 വരെ വർഷങ്ങരംമുമ്പു രചിക്കപ്പെട്ട സംസ്കൃതഗ്രന്ഥങ്ങളിൽ ആയുർവേദം ആദ്യമായി വിവരിക്കപ്പെട്ടിരിക്കുന്നു. ഋഗ്വേദത്തിൽ ശസ്ത്രക്രിയകളെക്കുറിച്ചും, കൃത്രിമാവയവങ്ങളെക്കുറിച്ചും അറുപത്തേഴ് ഔഷധങ്ങളെക്കുറിച്ചും പറഞ്ഞിരിക്കുന്നു.

ക്രിസ്തുവിനു് 1000 വർഷങ്ങളോളംമുമ്പ് ഒരു പ്രാചീന ഭാരതീയ വൈദ്യൻ എഴുതിയ ചരകസംഹിതയിൽ രോഗങ്ങളെ ക്രമബദ്ധമായി വിവരിച്ചിരിക്കുന്നു. രോഗിയുടെ വ്യക്തിത്വം, ശരീരഘടനാ സ്വഭാവം, രോഗലക്ഷണങ്ങരം മുതലായവ സൂക്ഷ്മമായി നിരീക്ഷിച്ചു് ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്.

ക്രിസ്തുവർഷം ഏഴാം നൂററാണ്ടിൽ വാഗ്ഭടൻ 'അഷ്ടാംഗ ഹൃദയം' എഴുതുമ്പോഴേക്കു് ചൈനയിലേയും തിബത്തിലേയും വൈദ്യശാസ്ത്രങ്ങരം ആയുർവേദത്തിൽ ഉരംപ്പെടുത്തപ്പെട്ടിരുന്നു.

ഇന്ത്യയിലെയും യൂറോപ്പിലെയും ഡോക്ടർമാർ പണ്ടുതന്നെ പരസ്പരം ആശയവിനിമയം നടത്തിവന്നിരിക്കണം. ശരീരത്തിൻെറ എല്ലാ ജൈവ—പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നതു ത്രിദോഷങ്ങരം ആണെന്ന ആയുർവേദ സിദ്ധാന്തത്തിൻെറ പ്രതിധ്വനി, കഫം, രക്തം, പിത്തം എന്നിവയാണ രോഗങ്ങരക്കും ആരോഗ്യത്തിനും അടിസ്ഥാനമെന്ന ഹിപ്പോക്രാത്തീസിൻെറ സിദ്ധാന്തത്തിൽ നമുക്കു കേരംക്കാം.

അറബികളിൽക്കൂടിയാണ് ഇന്ത്യൻ വൈദ്യശാസ്ത്രം യൂറോപ്പിലെത്തിയതു്. ക്രിസ്തുവർഷം എട്ടാം ശതകത്തിൻെറ അവസാനത്തിൽ ഇന്ത്യയിൽ വലിയ ഒരു പ്രദേശം അറബികരം കീഴടക്കി. ഇക്കാലത്തു് അറബി വൈദ്യശാസ്ത്രത്തിൽ ഭാരതീയ വൈദ്യശാസ്ത്രം ശക്തിയായ സ്വാധീനം ചെലുത്തി. പിന്നീടു് യൂറോപ്പിൻെറ തെക്കുഭാഗം ആക്രമിച്ചപ്പോരം അറബികരം ഈ വൈദ്യശാസ്ത്രവിജ്ഞാനം യൂറോപ്പിലേക്കു കൊണ്ടുചെന്നു.

ബ്രിട്ടീഷ് വാഴ്ചയ്ക്കു കീഴിൽ ആയുർവേദത്തിനു് അതിൻെറ ജന്മഭൂമിയിൽ അന്തസ്സു് ക്രമേണ കുറഞ്ഞുവന്നു. പക്ഷേ, സ്വതന്ത്രഭാരതം വേഗത്തിൽ സ്വന്തം വൈദ്യശാസ്ത്രപാരമ്പര്യം വീണ്ടെടുത്തു എന്നു് ജർമൻ

ലേഖനം പറയുന്നു. 1954–ൽ ആദ്യത്തെ ആയുർവേദ ഗവേഷണ സ്ഥാപനം ഇന്ത്യയിൽ നിലവിൽവന്നു. ഇപ്പോൾ മൂന്നു ലക്ഷത്തോളം ആയുർവേദ വൈദ്യന്മാർ ദക്ഷിണേഷ്യയിൽ രോഗികളെ ചികിത്സിക്കുന്നുണ്ട്.

ഭാരതീയ പാരമ്പര്യ വൈദ്യശാസ്ത്രത്തിൽ താല്പര്യം യൂറോപ്പിലും അമേരിക്കയിലും വർദ്ധിച്ചുവരികയാണ്. പ്രതീക്ഷിക്കാവുന്നതുപോലെ, വൈദ്യശാസ്ത്രവികല്പങ്ങൾ തേടുന്നവരല്ല, മറിച്ച് അല്ലോപ്പതി ഔഷധനിർമാതാക്കളാണ്, ഇതിനു നേതൃത്വം നല്കുന്നത്. 1960–കളുടെ ആദ്യത്തിൽ ഒരു ബഹുരാഷ്ട്ര–ഔഷധ നിർമാണശാല ഇന്ത്യയിൽ ആദ്യത്തെ ഗവേഷണ സ്ഥാപനം ആരംഭിച്ചു. പലരും ഈ നടപടി പിന്തുടർന്നു.ഔഷധങ്ങളായി ഉപയോഗിക്കാവുന്ന ഘടകങ്ങൾ ഇന്ത്യൻ ഔഷധച്ചെടികളിൽനിന്നു വേർതിരിച്ചെടുക്കുകയാണ് ഈ ഗവേഷണങ്ങളുടെ ലക്ഷ്യം. ഇക്കാര്യത്തിൽ ഇവർക്ക് ഇന്നോളം പറയത്തക്ക വിജയം കൈവന്നിട്ടില്ല.

ഇതുപോലെ, ചൈനീസ് ഔഷധങ്ങളിൽനിന്നു സക്രിയ–ചികിത്സാഘടകങ്ങൾ വേർതിരിച്ചെടുക്കാനുള്ള ശ്രമവും ഫലപ്പെടുകയുണ്ടായില്ല.

മ്യൂണിക്ക് സർവകലാശാലയിലെ വൈദ്യശാസ്ത്ര ചരിത്രവിഭാഗത്തിന്റെ തലവനായ ഡോക്ടർ പാൾ ഉൺഷുൾഡ് പറയുന്നു: 'നിലവിലുള്ള രീതികൾ ഉപയോഗിച്ച് ഔഷധച്ചെടികളിലെ സക്രിയ ഘടകങ്ങൾ ഊററിയെടുക്കുകയാണ് ഇപ്പോഴത്തെ ഗവേഷണത്തിൽ മുഖ്യമായും ചെയ്യുന്നത്. ഈ പ്രക്രിയയിൽ രോഗനിവാരക–ഘടകങ്ങൾ നശിച്ചുപോകാൻ സാദ്ധ്യതയുണ്ട്.' ഔഷധച്ചെടികൾ സംസ്കരിക്കുന്നതു പാരമ്പര്യരീതിയിൽത്തന്നെ വേണമെന്നാണ് അദ്ദേഹത്തിന്റെ ഉപദേശം.

പാരമ്പര്യ–ഔഷധച്ചെടികളിൽനിന്നു രോഗശാന്തി വരുത്തുന്ന ഒററ ഘടകങ്ങൾ വേർതിരിച്ചെടുക്കുക എന്നതല്ല 'ഇൻടർമെഡ്' സംഘടനയുടെ ജനറൽ സെക്രട്ടറി ക്രിസ്റ്റോഫ് ഫോൺ കോയ്ഡെലിന്റെ ലക്ഷ്യം. പാരമ്പര്യ–ഔഷധങ്ങൾ പാരമ്പര്യ രീതിയിൽത്തന്നെ അതാതു രോഗികളിൽ പരീക്ഷിച്ചു നോക്കണമെന്നാണ് അദ്ദേഹം പറയുന്നത്.

(അതായത്, ആയുർവേദ–ഔഷധങ്ങൾ പണ്ടു നിർമിച്ചിരുന്ന മാതിരിതന്നെ നിർമിക്കണം; പണ്ടത്തെ വൈദ്യന്മാർ ചെയ്തിരുന്നതുപോലെതന്നെ അവ രോഗികളിൽ പ്രയോഗിക്കണം.)

ഫെൽഡാഫിങ്ങിലെ സമ്മേളനത്തിൽ വിശദമായി ചർച്ചചെയ്യപ്പെട്ടത് 'ലിവ്–52' എന്ന ആയുർവേദ–ഔഷധത്തിന്റെ സഫലമായ പരീക്ഷണമാണ്. പല ഔഷധച്ചെടികളുടെ സത്തു കൂട്ടിച്ചേർത്തു നിർമിച്ചതാണ് 'ലിവ്–52.' യകൃത്തിന്റെ (കരളിന്റെ) രോഗങ്ങൾക്ക് ഈ ചെടികൾ ഇന്ത്യയിൽ എത്രയോ ശതാബ്ദങ്ങൾക്കുമുമ്പുതന്നെ ഔഷധമായി ഉപയോഗിക്കപ്പെട്ടുവന്നിരുന്നു. 'ലിവ്–52' ഫലപ്രദമാണെന്ന് ആധുനിക ഇന്ത്യയിൽ രോഗികളിൽ നടത്തിയ പരീക്ഷണം തെളിയിച്ചു. സ്ഥിരമായ (ക്രോണിക്ക്) ഹെപ്പാറൈറററിസ് (കരൾവീക്കം) എന്ന രോഗത്തിന്റെയും, മദ്യപാനം നിമിത്തം ഉണ്ടാവുന്ന ഒട്ടധികം ഗൗരവാവഹങ്ങളായ കരൾരോഗങ്ങളുടെയും ചികിത്സയ്ക്ക് ഈ ഔഷധം മ്യൂണിക്കിലെ 'ബ്രദേഴ്സ് ഓഫ് മെഴ്സി' എന്ന ആസ്പത്രിയിൽ ഡോക്ടർ ജോസഫ് ഐസൻബർഗ് ഉപയോഗിച്ചുനോക്കി, വൈറസ്സുകൾ നിമിത്തമോ, ശരീരത്തിലെ സ്വയം–രോഗപ്രതിരോധ സംവിധാനം തകരാറാകുന്നതുമൂലമോ (ആട്ടോ–ഇമ്യൂൺ) ഉളവാകുന്ന ഹെപ്പാറൈറററിസിൽ 'ലിവ്–52' പ്രയോജനകരമല്ലെന്നും, പക്ഷേ, മദ്യവുമായി ബന്ധപ്പെട്ട കരൾരോഗങ്ങളിൽ അതു വളരെയധികം ഫലപ്രദമാണെന്നും ഡോക്ടർ ഐസൻബർഗ് കണ്ടെത്തി. 'മുമ്പു കിട്ടിയിരുന്ന ഒരു മരുന്നു

കൊണ്ടും ലഭിക്കാത്ത രോഗമോചനം ഈ ഔഷധംകൊണ്ടു രോഗികൾക്ക നൽകാൻ ഞങ്ങൾക്ക കഴിഞ്ഞു' എന്ന് അദ്ദേഹം അവകാശപ്പെട്ടു.

പടിഞ്ഞാറേ ജർമനിയിൽ ഇനിയും 'ലിവ്–52' ഉണ്ടാക്കാൻ ലൈസൻസ് നൽകിയിട്ടില്ല. ഈ ഔഷധംകൊണ്ടു കൂടുതൽ പരീക്ഷണങ്ങൾ നടത്തേണ്ടതുണ്ട് എന്നാണ് ബർലിനിലെ കേന്ദ്ര ആരോഗ്യവകുപ്പ കരുതുന്നത്. എന്നാൽ, സ്വിററ്സർലൻഡിൽ അധികൃതർ 'ലിവ്–52' നിർമിക്കുന്നതിനുള്ള ലൈസൻസ് കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

'പാശ്ചാത്യ വൈദ്യസമ്പ്രദായമനുസരിച്ച് തൃപ്തികരമായി ചികിത്സിക്കാൻ കഴിയാത്ത ദീർഘകാല രോഗങ്ങൾ ശമിപ്പിക്കുന്നതിന് ആയുർവേദം മുതലായ പാരമ്പര്യ വൈദ്യശാസ്ത്രങ്ങൾക്കുള്ള കഴിവു തെളിയിക്കുന്നതിലാണ നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്' എന്ന ഡോക്ടർ ക്രിസ്റ്റോഫ് ഫോൺ കോയ്ഡെൽ സമ്മേളനത്തിൽ പറഞ്ഞു. ഏഷ്യൻ ചികിത്സാമുറകൾ യൂറോപ്പിൽ നടപ്പിലാക്കുന്നതിൽ പ്രയാസങ്ങൾ ഉണ്ടാവാം. 'കുഷ്ഠം, മലമ്പനി, കുട്ടികളുടെ അതിസാരം, മൂപ്പെത്തുംമുമ്പുള്ള പ്രസവം തുടങ്ങി വളരെക്കുറച്ച് അസ്വാസ്ഥ്യങ്ങൾ മാത്രമേ യൂറോപ്പിലും ഏഷ്യയിലും പൊതുവായി കാണപ്പെടുന്നുള്ളു' എന്ന് ഡോക്ടർ പാൾ ഉൺഷുൾഡ് പ്രസ്താവിച്ചു. 'ആധുനിക പരിഷ്കാരത്തിന്റെ സവിശേഷതകളായ ആധുനിക രോഗങ്ങൾക്ക പററാത്ത രോഗനിർണയസമ്പ്രദായങ്ങളാണ് ചൈനീസ് വൈദ്യശാസ്ത്രത്തിനും ആയുർവേദത്തിനും ആധാരം. കരളിൽ 'യിൻ' എന്ന നിഷ്ക്രിയ—സ്ത്രീ—ശക്തിയുടെ കുറവു കൊണ്ട് ഉണ്ടാവുന്നതെന്ന വിശ്വസിക്കപ്പെടുന്ന രോഗങ്ങൾക്ക ചൈനക്കാർ വിധിക്കുന്ന ഔഷധം, ആധുനിക വൈദ്യശാസ്ത്രപ്രകാരമുള്ള രോഗചികിത്സകളിൽ ഒരിടത്തും യോജിക്കുകയില്ല. എങ്കിലും, അറിയപ്പെടാത്ത അനുഭവങ്ങളുടെ നിധിപേടകമാണ പാരമ്പര്യവൈദ്യശാസ്ത്രം. ചൈനയിൽ 1930–നുമുമ്പു പ്രസിദ്ധപ്പെടുത്തിയ ഏഴായിരം വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ രണ്ടെണ്ണം മാത്രമേ പാശ്ചാത്യഭാഷകളിൽ ഗൗരവബോധത്തോടെ വിവർത്തനംചെയ്തിട്ടുള്ളു.

ശുദ്ധമായ ഒരു ആയുർവേദ–ഔഷധമല്ല 'ലിവ്–52.' അത് അല്ലോപ്പതി ഔഷധങ്ങളുടെ മാതൃകയിൽ തയ്യാറാക്കപ്പെടുന്നതാണ്. ശരിയായ ആയുർവേദ ഔഷധങ്ങൾ—കഷായങ്ങളും ഘൃതങ്ങളും ആസവാരിഷ്ടങ്ങളും ചൂർണങ്ങളും—ഉപയോഗിച്ചുള്ള പരീക്ഷണങ്ങൾ നടത്തുവാൻ ഇൻടർമെഡ്പോലെയുള്ള സംഘടനകളെ ഇന്ത്യാഗവണ്മെൻറ് പ്രേരിപ്പിക്കേണ്ടതാണ്. അല്ലെങ്കിൽ, ഇന്ത്യയിൽ എന്തുകൊണ്ട് ഇത്തരം പരീക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല? സ്വാഭാവികമായും ഇവിടെനിന്നു തുടങ്ങേണ്ടവയല്ലേ ഈ പരീക്ഷണങ്ങൾ?

(2 ഓഗസ്റ്റ് 1987)

# 63. പാതിരിയമ്മ

പാതിരിയച്ചന്മാരെ നമുക്കെല്ലാം അറിയാം. 'പാതിരിയമ്മ'മാരെ ഇന്നോളം ആരും കണ്ടിരിക്കയില്ല. ക്രിസ്തുമതത്തിനകത്ത് എത്രയോ അവാന്തരവിഭാഗങ്ങൾ ഉണ്ട്. സിദ്ധാന്തത്തിലും പ്രയോഗത്തിലും തമ്മിൽത്തമ്മിൽ ഒട്ടധികം വ്യത്യാസങ്ങൾ ഇവ പുലർത്തിപ്പോരുന്നു. എങ്കിലും ഒരു കാര്യത്തിൽ ഈ മതവിഭാഗങ്ങൾ എല്ലാം യോജിക്കുന്നു. പൗരോഹിത്യം പുരുഷന്മാർക്കുള്ളതാണ്; സ്ത്രീകൾക്ക് അത് വിധിച്ചിട്ടില്ല.